**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 976** **31-01-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന്റെ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം സമയബന്ധിതമായി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (എ) | വന്യജീവി ആക്രമണം മൂലം കൃഷിനാശം നേരിടേണ്ടിവരുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകി വരുന്നത് 1980-ലെ The Kerala Rules for Payment of Compensation to Victims of Attack by Wild Animals-ലെ വ്യവസ്ഥകൾ പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരവും 08.01.2015-ലെ G.O(Ms)2/2015/F&WLD പ്രകാരവുമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ വഴി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ മുഖേന അന്വേഷണം നടത്തി കൃഷി നാശത്തിന്റെ തോത് തിട്ടപ്പെടുത്തി റിപ്പോർട്ട് ഡിവിഷൻ ഓഫീസിൽ സമർപ്പിക്കുന്ന മുറയ്ക്ക്, മേൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകളുടെ അടിസ്ഥാനത്തിൽ അപേക്ഷകരുടെ മുൻഗണനാ ക്രമമനുസരിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാര തുക കാലതാമസമില്ലാതെ അനുവദിച്ചുവരുന്നു. കർഷകർക്ക് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കണ്ണൂർ വനം ഡിവിഷനിലെ കണ്ണവം റെയിഞ്ചിൽ നിലവിൽ തീർപ്പാക്കാൻ ബാക്കിയുള്ള നഷ്ടപരിഹാര അപേക്ഷകളുടെയും തുകയുടെയും കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | കണ്ണൂർ വനം ഡിവിഷനിലെ കണ്ണവം റെയിഞ്ചിൽ നിലവിൽ തീർപ്പാക്കാൻ ബാക്കിയുള്ള നഷ്ടപരിഹാര അപേക്ഷകളുടെയും തുകകളുടെയും കണക്ക് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം | അപേക്ഷകളുടെ എണ്ണം | നൽകാനുള്ള തുക (രൂപ) |
|---|---|---|
| 2019 | 2 | 35,652 |
| 2020 | 7 | 1,95,365 |
| 2021 | 16 | 6,14,398 |
| 2022 | 28 | 10,93,353 |
| 2023 | 23 | 10,28,654 |